AKPCTA




JULY 1994

No. 120

# KERALA PRIVATE COLLEGE TEACHER




കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേക്ക്
എ കെ പി സി ടി എ മാർച്ച്




കൂട്ടധർണ കെ. ബാലകൃഷ്ണൻ നമ്പ്യാർ ഉദ്ഘാടനം ചെയ്യുന്നു.

# പട്ടാളത്തിൽപ്പോലും ഇല്ലാത്ത നിയമം

**കോ**ളേജ് അധ്യാപകരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യാനും സമൂഹത്തിന്റെ മുന്നിൽ അവരെ ചെറുതാക്കികാണിക്കാനുമുള്ള ബോധപൂർവ്വമായ നീക്കമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. പ്രൈവറ്റ് കോളേജധ്യാപകരുടെ ശമ്പളബില്ലിനോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ പ്രതിമാസ റിപ്പോർട്ടും നല്കണമെന്നും ഇല്ലെങ്കിൽ ശമ്പളം തടയുമെന്നും ഉത്തരവിറക്കിയിരിക്കയാണ്. ഇങ്ങനെയൊരു നിയമം കേട്ടുകേൾവിപോലുമില്ലാത്തതാണ്. ജോലിചെയ്തതിനു നൽകുന്ന ശമ്പളം റിപ്പോർട്ടിന്റെ പേരിൽ നിഷേധിക്കാനാണ് നീക്കം. ഇത് ബുദ്ധിക്കും യുക്തിക്കും നിരക്കുന്നതല്ല. അക്കാദമിക്കാര്യങ്ങളിൽ പ്രതിമാസറിപ്പോർട്ട് ആവശ്യപ്പെടാൻ അർഹതയും അവകാശവുമുള്ളത് സർവ്വകലാശാലകൾക്കാണ്. റിപ്പോർട്ടു നല്കാൻ അധ്യാപകർ തയ്യാറുമാണ്. അക്കാദമിക് രംഗത്ത് ഏതുതരത്തിലുള്ള അസസ്മെൻറിനു വിധേയരാകാനും അധ്യാപകർക്ക് സന്തോഷമേ ഉള്ളൂ. പക്ഷേ അധികാരപ്പെട്ടവർ വേണം അതു ചെയ്യാൻ. വഴിയേ പോകുന്നവർക്കൊക്കെ കൊട്ടിയിട്ടു പോകാനുള്ള ചെണ്ടയായി അധ്യാപകരെ തരം താഴ്ത്താൻ വന്നാൽ അത് വകവച്ചുകൊടുക്കാനാവില്ല.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്തധികാരത്തിന്റെ പുറത്താണ് പ്രതിമാസറിപ്പോർട്ട് ആവശ്യപ്പെടുന്നത്? ശമ്പളം നല്കുന്നതിന്റെ പേരിലോ? അങ്ങനെയെങ്കിൽ ശമ്പളം വാങ്ങുന്നവരെല്ലാം റിപ്പോർട്ടുകൊടുത്തിട്ടാണോ അത് കൈപ്പറ്റുന്നത്? ഈ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മാസാമാസം റിപ്പോർട്ടു നൽകിയിട്ടാണോ ശമ്പളം പറ്റുന്നത്? പട്ടാളത്തിൽപ്പോലും ഇങ്ങനെയൊരു നിയമമില്ല. യൂണിവേഴ്സിറ്റികളുടെ അക്കാദമിക് സ്വാതന്ത്ര്യത്തിനുമേലുള്ള നഗ്നമായ കടന്നുകയറ്റമാണിത്. അക്കാദമിക് സ്വാതന്ത്ര്യം സംരക്ഷിക്കാൻ ബാധ്യതപ്പെട്ട സർവ്വകലാശാലാധികാരികൾ ഏറാൻമൂളികളായി നില്ക്കുന്നതിൽ അധ്യാപകർക്ക് പ്രതിഷേധമുണ്ട്.

ചില ഐ എ എസ് ഉദ്യോഗസ്ഥന്മാർ പിഞ്ഞാണിക്കടയിൽ കയറിയ കാളക്കുട്ടനെപ്പോലെ എല്ലാം തകർക്കുകയാണ്! ഇവരെ നിയന്ത്രിക്കേണ്ട മന്ത്രിമാർ വെറും നോക്കുകുത്തികളും


Kerala Private College Teacher

July 1994

No. 120

പത്രാധിപസമിതി

എഡിറ്റർ

വി. എൻ. മുരളി

മാനേജിംഗ് എഡിറ്റർ

എ. പ്രതാപചന്ദ്രൻനായർ

അംഗങ്ങൾ

എൽ. ജി. വർഗീസ്

കെ. സദാശിവൻ നായർ

പി. ജി. ചന്ദ്രശേഖരൻ നായർ

സി. ജെ. ശിവശങ്കരൻ

ജെ. ചന്ദ്ര

ടി. എൻ. മനോഹരൻ

വി. രാജേന്ദ്രൻ നായർ

ജോണി. കെ. ജോൺ

കെ. സി. കുട്ടപ്പൻ നായർ

ഈ നില തുടരാൻ സംഘടിതപ്രസ്ഥാനം അനുവദിക്കുകയില്ല. കൊമ്പും തുമ്പിക്കൈയുമായി വന്നിട്ടുള്ള കൊലകൊമ്പന്മാരായ സ്വകാര്യ മാനേജുമെൻറുകളെ നിലയ്ക്കുനിർത്തിയ പ്രസ്ഥാനമാണ് എ കെ പി സി ടി എ. കോളേജ് വിദ്യാഭ്യാസ ഡയറക്ടറെപ്പോലുള്ളവർ അതു മനസ്സിലാക്കണം. ജൂലൈ പതിമൂന്നിനും പതിനാറിനും സെക്രട്ടേറിയററുപടിക്കലും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിനുമുമ്പിലും കോളേജധ്യാപകരുടെ ശക്തമായ പ്രതിഷേധം അലയടിച്ചിട്ടുണ്ട്. ചുവരെഴുത്തു വായിക്കാനും, തെററുതിരുത്താനും അധികാരികൾ തയ്യാറാകണം. അതുചെയ്യുന്നില്ലെങ്കിൽ കോളേജ് വിദ്യാഭ്യാസരംഗം സ്തംഭിക്കുന്നിടത്തേയ്ക്ക് കാര്യങ്ങൾ നീങ്ങും. അതിനിടവരുത്തരുതെന്ന് ഞങ്ങൾ മുന്നറിയിപ്പു നല്കുന്നു

□

# വൈക്കം മുഹമ്മദ് ബഷീർ

മലയാള സാഹിത്യത്തിലെ സ്നേഹദൂതൻ വൈക്കംമുഹമ്മദ്ബഷീർ അന്തരിച്ചു. കലാ സാഹിത്യരംഗത്തെ ഇതിഹാസമായിരുന്നു അദ്ദേഹം. ''പൂർണ്ണ ബോധ്യമുള്ളതാണെഴുതുന്നത്. അറിയാത്തവഅറിവുള്ളവരോട്ചോദിച്ചുമനസ്സിലാക്കും''-ബഷീറിൻെറഈ വാക്കുകളിൽ സ്വന്തം രചനയുടെ രഹസ്യമുണ്ട്. അതുകൊണ്ടാണ് ''ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചുചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു'' എന്ന് പ്രൊഫ. എം. പി. പോൾ വിശേഷിപ്പിച്ചത്. മണ്ണും മനുഷ്യനുമായുള്ള ബന്ധത്തിൻെറ സൗന്ദര്യമാണ് ബഷീർ കഥകൾ.

ജീവിതം ബഷീർ അനുഭവിച്ചറിഞ്ഞതാണ്. അഞ്ചാംക്ലാസിൽ പഠിക്കുമ്പോൾ വീടുവിട്ടിറങ്ങി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. ശിക്ഷിക്കപ്പെട്ട് മദിരാശി, കോഴിക്കോട്, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജയിലുകളിൽ തടവിൽ കിടന്നു. പത്തുവർഷത്തോളം ഇന്ത്യയിലാകെ സഞ്ചരിച്ചു. ആഫ്രിക്കയിലേയ്ക്കും അറേബ്യൻ നാടുകളിലേയ്ക്കും യാത്ര വ്യാപിപ്പിച്ചു. ഇതിൽ നിന്നെല്ലാം ജീവിതത്തെ അടുത്തറിയാൻ പററിയ നിരവധി അനുഭവങ്ങൾ ബഷീർ നേടുകയുണ്ടായി.

ഭാഷയുടെ കരുത്ത് അതിൻെറ നാടൻശൈലിയിലാണെന്ന് ബഷീർ മനസ്സിലാക്കിയിരുന്നു. ഇംഗ്ലീഷ് ദർശനങ്ങളോ, സംസ്കൃത തത്ത്വചിന്തകളോ ഉരുവിടുമ്പോഴല്ല മറിച്ച് തൻെറ നാട്ടിലെ സാധാരണക്കാരൻെറ ഭാഷ പറയുമ്പോഴാണ് വലിയ സാഹിത്യമുണ്ടാകുന്നതെന്ന് അദ്ദേഹം തെളിയിച്ചു. ഡിക്ഷണറികൾ നോക്കി അർത്ഥം കണ്ടുപിടിക്കാവുന്ന വാക്കുകളല്ല ബഷീർ ഉപയോഗിച്ചത്. ബഷീർ കൃതികളിലെ അർത്ഥം ജീവിതം കണ്ടുമനസ്സിലാക്കാനേ കഴിയൂ.

മലയാളത്തിൻെറ സുൽത്താന് എ കെ പി സി ടി എ യുടെ ആദരാഞ്ജലികൾ.

□

# പ്രീഡിഗ്രി ഒന്നാംവർഷ പരീക്ഷ

## ഒരു ചർച്ച

## അടുത്ത ലക്കം ജേർണലിൽ

അഭിമുഖം

# വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മൂന്നു ദശകങ്ങളിലെ അനുഭവസമ്പത്തുള്ള ഒരു വിദ്യാഭ്യാസമന്ത്രി

പ്രൊഫ. മാത്യുകോശി പുന്നയ്ക്കാട്

കിഴക്കൻ ബംഗാളിൽനിന്നും ഒരഭയാർത്ഥിയായി പശ്ചിമ ബംഗാളിൽ എത്തി, ഫാക്ടറി തൊഴിലാളി, സ്ക്കൂൾ ഹെഡ്മാസ്ററർ, കോളേജ് അദ്ധ്യാപകൻ എന്നിങ്ങനെ വിവിധ തുറകളിൽ ജോലിചെയ്ത അനുഭവവുമായിട്ടാണ് പ്രൊഫ. സത്യസാധൻ ചക്രവർത്തി പശ്ചിമ ബംഗാൾ വിദ്യാഭ്യാസമന്ത്രിയായി ഇന്ന് സേവനമനുഷ്ഠിക്കുന്നത്. ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച സത്യസാധൻ ഒരു ഫാക്ടറി തൊഴിലാളിയായിട്ടാണ് തന്റെ പ്രവർത്തനങ്ങളാരംഭിക്കുന്നത്. 'ട്രെയിഡ് യൂണിയൻ' പ്രവർത്തനങ്ങളിലേർപ്പെട്ടതിന്, അദ്ദേഹത്തെ ഫാക്ടറിയിൽ നിന്ന് പിരിച്ചുവിട്ടെങ്കിലും ഈ പിരിച്ചുവിടീൽ ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമായി ഭവിച്ചു. സ്വന്തം അദ്ധ്വാനത്തിൽ എം. ഏ. പാസ്സായ സത്യസാധൻ, അപ്പോഴേക്കും കമ്മ്യൂണിസ്ററ് പാർട്ടി പ്രവർത്തകനായി മാറിക്കഴിഞ്ഞിരുന്നു. തുടർന്ന് സ്ക്കൂൾ ഹെഡ മാസ്ററുടെ ജോലിയാണ് സ്വീകരിച്ചത്. ഗ്രാമങ്ങളിലുള്ള പാവപ്പെട്ട കുട്ടികളെ കണ്ടെത്തി, പൊതുജനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പഠിപ്പിക്കുന്ന സ്ക്കൂളിന്റെ ഹെഡ്മാസ്ററർ. പ്രൊഫ. സത്യസാധൻ ചക്രവർത്തിയുടെ വാക്കുകളിൽ 'ഇതൊരു മിഷ്യനറി പ്രവർത്തനമായിരുന്നു'. ഇതിനിടെ അവധികാലങ്ങളിൽ ഗ്രാമങ്ങളിൽപോയി, അധ്യാപകരെ സംഘടിപ്പിക്കുക, അവർക്ക് ക്ളാസുകൾ എടുക്കുക എന്നതായി പ്രവർത്തനം. 1961ൽ പൊളിററിക്കൽ സയൻസ് അദ്ധ്യാപകനായി കോളേജിൽ ചേർന്നു. ബംഗാളിലെ കോളേജ് അദ്ധ്യാപകരെ സംഘടിപ്പിച്ചു സംഘാടകശേഷി തെളിയിച്ച സത്യസാധൻ ചക്രവർത്തിക്ക് 'പ്രഫസേഴ്സ് ബ്രാഞ്ചിന്റെ' ചുമതലയാണ് പാർട്ടി നൽകിയത്. ബംഗാളിൽ മാത്രം ഒതുങ്ങാതെ ദേശീയതലത്തിൽ കോളേജധ്യാപകരെ സംഘടിപ്പിക്കുവാനും അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാനുംവേണ്ടി അനേകം സമരങ്ങൾക്ക് പ്രൊഫ. സത്യസാധൻ ചക്രവർത്തി നേതൃത്വം കൊടുത്തു. കോളേജ് അധ്യാപകരുടെ അഖിലേന്ത്യാസംഘടനയായ 'ഐഫക്ടോ' യുടെ ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുകയുണ്ടായി. 1980ൽ പാർലമെൻറിലേക്ക് തെരരഞ്ഞടുക്കപ്പെട്ടു. വിദ്യാഭ്യാസമന്ത്രിയായിരിക്കവേ, 1994 ഫെബ്രുവരിയിൽ 'പൊളിററക്കൽ സയൻസ്' വകുപ്പു മേധാവിയായി കോളേജിൽ നിന്ന് റിട്ടയർചെയ്തു.

കേരളത്തിലെ സ്വകാര്യകോളേജ് അധ്യാപകരുടെ സംഘടനയായ ഏ.കെ.പി.സി.ടി.ഏ. (AKPCTA)യുടെ സംസ്ഥാന സമ്മേളനത്തിൽ ഒരു പ്രഭാഷണം നിർവഹിക്കാൻ പ്രൊഫ. സത്യസാധൻ ചക്രവർത്തി മാർച്ച് അവസാനം കോഴിക്കോട്ടു എത്തി. കോഴിക്കോട് ഗസ്ററ് ഹൗസിൽ വച്ച്, നടത്തിയ ഈ അഭിമുഖ സംഭാഷണത്തിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അനേകം കാര്യങ്ങളോട് അദ്ദേഹം പ്രതികരിച്ചു.

ഉന്നത വിദ്യാഭ്യാസത്തിനായി വൻതുകകൾ സർക്കാർ ഖജനാവിൽ നിന്നു ചെലവഴിക്കുമ്പോൾ, സർക്കാരിനു സാമ്പത്തിക കാര്യങ്ങളിൽ മാത്രമല്ല ഭരണകാര്യങ്ങളിലും അക്കാദമിക് കാര്യങ്ങളിലും മേൽനോട്ടമോ നിയന്ത്രണങ്ങളോ വേണമെന്ന ചിന്താഗതി അടുത്തയിടെ കേരളത്തിൽ പ്രബലമായിട്ടുണ്ട്. ഓരോ കോളേജി

ലും എത്ര ദിവസം ക്ലാസുകൾ നടന്നു, ഓരോ അധ്യാപകനും എത്രമണിക്കൂർ പഠിപ്പിച്ചു എന്നൊക്കെയറിയുവാൻ, സർവകലാശാലകളിൽ കൂടിയല്ലാതെ സർക്കാർ ശ്രമമാരംഭിച്ചു തുടങ്ങിയിരിക്കയാണ്. യുജിസി യുടെ നിർദ്ദേശ പ്രകാരമാണെന്നുള്ള ധാരണയിൽ, സർവകലാശാല സമിതികളെനോമിനേററഡ് വ്യക്തികൾ ഉൾപ്പെടുന്ന സമിതികളാക്കുവാൻ പോകുന്നു. ഇതിന് സഹായകരമാകുന്ന ഒരു ബില്ലാണ് ഏകീകൃത സർവകലാശാല നിയമം' എന്ന പേരിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതിനോട് പ്രൊഫ. സത്യസാധൻ ചക്രവർത്തി ഇപ്രകാരം പ്രതികരിച്ചു:

''യൂണിവേഴ്സിററികളുടെ സ്വയംഭരണം നശിപ്പിക്കുന്നത് ആത്മഹത്യാപരമാണ്. അക്കാദമിക് കാര്യങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടത് പ്രസ്തുത വിഷയങ്ങളിൽ പ്രാഗത്ഭ്യം ഉള്ളവരാണ്. അവരെ തെരഞ്ഞെടുക്കേണ്ടത് പ്രസ്തുതമേഖലയിലുള്ളവർ തന്നെയായിരിക്കണം. സർക്കാരോ വിദ്യാഭ്യാസ മന്ത്രിയോ നാമനിർദ്ദേശം ചെയ്യുന്നവർ, തങ്ങളോടുള്ള കൂറുള്ളവരെ നോക്കിയായിരിക്കും നാമനിർദ്ദേശം ചെയ്യുന്നത് ഓരോ രാഷ്ട്രീയ പാർട്ടികളും മാറിമാറി ഭരണത്തിൽ വരുമ്പോൾ തങ്ങളോടുള്ള അനുഭാവമുള്ളവരെ നാമനിർദ്ദേശം ചെയ്യുവാൻ തുടങ്ങിയാൽ വിദ്യാഭ്യാസ സംവിധാനം തന്നെ തകരാനിടയാകും. കേന്ദ്ര വിദ്യാഭ്യാസ ഉപദേശക ബോർഡിൽ ജ്ഞാനം കമ്മിററി റിപ്പോർട്ടു പാസാക്കുവാൻ ശ്രമിച്ചെങ്കിലും നടന്നില്ല. യു.ജി.സി.ക്ക് കർക്കശമായ യാതൊരു ഫോർമുലകളുമില്ല. എല്ലാ യൂണിവേഴ്സിററികളുടെയും ഭരണവും പ്രവർത്തന ശൈലികളും ഒരുപോലെയാകണമെന്നു പറയുന്നതും ശരിയല്ല. ഓരോ യൂണിവേഴ്സിററിയുടേയും വൈവിദ്ധ്യമേറിയ പാരമ്പര്യവും ശൈലികളും നിലനിർത്തുകതന്നെവേണം. സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിനു മേൽനോട്ടം വേണം. ജനങ്ങളുടെ പണം ഉത്തരവാദിത്തത്തോടെ ചെലവഴിക്കുന്നുഎന്ന് സർക്കാരിനെ ബോദ്ധ്യപ്പെടുത്തുവാൻ യൂണിവേഴ്സിററികൾക്ക് ഉത്തരവാദിത്തമുണ്ട്''.

ബംഗാളിലെ ഉന്നത വിദ്യാഭ്യാസ സംവിധാനം വിശദീകരിച്ചു:

''വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത് രണ്ട് ക്യാബിനററ് മന്ത്രിമാരും നാലുസഹമന്ത്രിമാരും കൂടിയാണ്. ഞാൻ ഉന്നതവിദ്യാഭ്യാസത്തിന്റെ ക്യാബിനററ് മന്ത്രിയായി പ്രവർത്തിക്കുമ്പോൾ മറെറാരാൾ പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്നു.''

''ബംഗാളിൽ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഏഴ് യൂണിവേഴ്സിററികളുണ്ട്. ഇവ കൂടാതെ ഒരു ഡീം

## ശമ്പളം നല്കാൻ വിധി

സ്ഥലം മാററത്തിന് 'പ്രയർ കൺകറൻസി'യ്ലെന്നു പറഞ്ഞ് തടഞ്ഞുവയ്ക്കപ്പെട്ട ശമ്പളം നല്കാൻ കേരള ഹൈക്കോടതി ഉത്തരവിട്ടു. ചങ്ങനാശ്ശേരി ഹിന്ദു കോളേജിലെ മലയാളം അധ്യാപകൻ കെ. എൻ. വിശ്വനാഥൻ നായർ ഉൾപ്പെടെ ശമ്പളം തടയപ്പെട്ട ഏഴ് അധ്യാപകർ നല്കിയ കേസിലാണ് ജസ്ററീസ് ഗുട്ടൽ ഒരാഴ്ചയ്ക്കകം ശമ്പളം നല്കണമെന്ന് വിധി പുറപ്പെടുവിച്ചത്.

## പണിതുടങ്ങി
# കെട്ടിട ഫണ്ട് ഉടൻ അയയ്ക്കുക

എ കെ പി സി ടി എ മന്ദിരശിലാസ്ഥാപനം ജൂൺ 25 ന് നടന്നതിനെത്തുടർന്ന് ധൃതഗതിയിൽ പണി നടന്നുവരികയാണ്. എന്നാൽ കെട്ടിട ഫണ്ടിലേക്ക് അംഗങ്ങളിൽ നിന്നും ലഭിക്കേണ്ട വിഹിതത്തിൽ നല്ലൊരു പങ്ക് ഇനിയും പിരിഞ്ഞു കിട്ടേണ്ടിയിരിക്കുന്നു.

പണി തുടങ്ങിയിരിക്കുന്നതുകൊണ്ട് അത് തടസം കൂടാതെ തുടരാനും എത്രയും വേഗം പൂർത്തിയാക്കാനും ബ്രാഞ്ചുകളുടെ അടിയന്തിരസഹായമുണ്ടാകണം. ബ്രാഞ്ചുകൾ ഉടൻതന്നെ തുക ശേഖരിച്ച് അയച്ചുതരിക.

പ്രൊഫ. കെ. സദാശിവൻനായർ
ജനറൽ സെക്രട്ടറി
എ കെ പി സി ടി എ
സംസ്ഥാന കമ്മററി ഓഫീസ്
അംബുജവിലാസം റോഡ്
തിരുവനന്തപുരം-1

ഡ് യൂണിവേഴ്സിററിയും ഒരു കേന്ദ്രയൂണിവേഴ്സിററിയും കൂടി ബംഗാളിലുണ്ട്.''

''ഗവർണറാണ് ചാൻസലർ. ഇതൊരു പദവി (honorary Position) മാത്രമാണ്. കേരളത്തിലെ പോലെ വിദ്യാഭ്യാസമന്ത്രി പ്രൊ-ചാൻസലറല്ല. പ്രൊ-ചാൻസലർ എന്ന സ്ഥാനമേ ഇല്ല. കൽക്കട്ടാ യൂണിവേഴ്സിററിയിലെ സിൻഡിക്കേററിനും സെനററിനും തുല്ല്യമായി മററു യൂണിവേഴ്സിററികളിൽ എക്സിക്യൂട്ടീവ് കൗൺസിലും കോർട്ടുമാണുള്ളത്. സിൻഡിക്കേററിലും എക്സിക്യൂട്ടിവ് കൗൺസിലിലേക്കും അംഗങ്ങളെ തെരഞ്ഞെടുക്കുകയാണ്. സെനററിൽനിന്നും മററു ചില മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ ഉൾപ്പെടുന്നതാണ് സിൻഡിക്കേററ്. യൂണിവേഴ്സിററി അദ്ധ്യാപകർക്കും മററും സെനററിലംഗമാകാതെ സിൻഡിക്കേററിലേക്ക് നേരിട്ടു തെരഞ്ഞെടുക്കപ്പെടുവാൻ വ്യവസ്ഥയുണ്ട്. സെനററിലേക്ക് സമൂഹത്തിന്റെ എല്ലാതുറകളിൽ നിന്നുമുള്ളവരെ തെരഞ്ഞെടുക്കുന്നു. രണ്ടോ മൂന്നോ വ്യക്തികളെ നോമിനേററ് ചെയ്യുവാൻ സർക്കാരിനവകാശമുണ്ട്. സിൻഡിക്കേററിന്റെ എല്ലാ നടപടികൾക്കും സെനററിന്റെ അംഗീകാരം ഉണ്ടായിരിക്കണം. സെനററിനോടുള്ള ഉത്തരവാദിത്തത്തിലേ സിൻഡിക്കേററിന് പ്രവർത്തിക്കാനാവൂ''.

''വൈസ് ചാൻസലറെ സെനററ് തെരഞ്ഞെടുക്കയാണ്. സിൻഡിക്കേററ് കൊണ്ടുവരുന്ന പാനലിൽ നിന്നും സെനററംഗങ്ങൾ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നു''

സർക്കാരും യൂണിവേഴ്സിററികളും തമ്മിൽ യാതൊരു സംഘട്ടനങ്ങളും ഉണ്ടാകാറില്ല എന്നു മന്ത്രിപറയുകയുണ്ടായി

''സാമ്പത്തിക കാര്യങ്ങളിൽ മാത്രമേ ഞങ്ങൾ യൂണിവേഴ്സിററികളുടെ കാര്യത്തിൽ ഇടപെടാറുള്ളു. സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ മേൽനോട്ടം ഉണ്ടാവും. പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോൾ, പുതിയ ചെലവുകൾ വരുമ്പോൾ സർക്കാരിന്റെ അനുവാദം വാങ്ങേണ്ടി വരും. 1994-95ലെ ബഡ്ജററിൽ 2100 കോടി രൂപ വിദ്യാഭ്യാസ ചെലവുകൾക്കായി നീക്കിവെച്ചിട്ടുണ്ട്.''

കേരളത്തിലെപ്പോലെ, സ്വകാര്യ കോളേജുകൾ, ന്യൂനപക്ഷകോളേജുകൾ സർക്കാർകോളേ

ജുകൾ എന്നൊക്കെ തരംതിരിക്കുവാൻ ബംഗാളിൽ അൽപം പ്രയാസമുണ്ട്. ഭരണസംവിധാനത്തിൽതന്നെ വ്യത്യാസങ്ങളുണ്ട് എന്നതാണ് പ്രധാനകാര്യം.

"ബംഗാളിൽ ആകെ 360 അഫിലിയേററഡ് കോളേജുകളാണുള്ളത്. ഇതിൽ നാലോ അഞ്ചോ കോളേജുകൾ ഭാഷാ മത ന്യൂനപക്ഷങ്ങൾ യൂണിവേഴ്സിററി നിയമങ്ങൾക്ക് വിധേയമായി നടത്തുന്നതാണ്. ബാക്കിയുള്ള കോളേജുകൾ സർക്കാർ കോളേജുകളാണെന്നും പൂർണ്ണമായി പറയുവാൻ സാധിക്കയില്ല. പ്രാദേശിക ജനങ്ങളുടെ ശ്രമഫലമായാണ് കോളേജുകൾ ഉയർന്നു വന്നിട്ടുള്ളത്. ഈ കോളേജുകൾ 'കമ്മ്യൂണിററിയുടെ വകയാണ്'. കമ്മ്യൂണിററികൾ നിയമാനുസൃതം രജിസ്ററർ ചെയ്ത് 'ട്രസ്ററ്' ആയി മാറുന്നു. ട്രസ്ററിന്റെ പ്രതിനിധികൾ, സർക്കാരിന്റെ പ്രതിനിധികൾ, യൂണിവേഴ്സിററിയുടെ പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു കമ്മററിയാണ് കോളേജിന്റെ ഭരണം നടത്തുന്നത്. എല്ലാവരും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടവർ. ബംഗാളിൽ ഒരു കോളേജിലും കാപ്പിറേറഷൻ ഫീസ് (Capitation fees) വാങ്ങുന്നതേ ഇല്ല. എൻജിനിയറിംഗ് കോളേജിൽപോലും ഫീസ് മാസംതോറും 10മുതൽ 20രൂപാ വരെയുള്ളൂ".

'ടീച്ചർ ലീഡർ' എന്നു സ്വയം വിശേഷിപ്പിച്ചിരുന്ന പ്രൊഫ.സത്യസാധൻ ചക്രവർത്തിക്കു അദ്ധ്യാപകരെ സംഘടിപ്പിക്കുന്നതിനും അവരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സാധിച്ചു. കഴിഞ്ഞ കാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രൊഫ.സത്യസാധൻ ചക്രവർത്തി അദ്ധ്യാപക സമൂഹത്തോട് ഇപ്രകാരം പറഞ്ഞു:

"അധ്യാപകർ ശരിയായി പഠിപ്പിക്കണം. സമൂഹത്തോടുള്ള കടപ്പാട് നിർവഹിക്കണം. കുട്ടികളെ ശരിയായി പഠിപ്പിക്കുകയും സമൂ

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്:
## മെമ്പർഷിപ്പ് താമസിക്കരുത്

ബ്രാഞ്ചുകളിൽ പരമാവധി അധ്യാപകരെ എ കെ പി സി ടി എ യിൽ അംഗങ്ങളാക്കാനുള്ള പരിശ്രമത്തിലായിരിക്കുമല്ലോ. പ്രശ്നസങ്കീർണ്ണമായ സന്ദർഭത്തിലൂടെയാണ് പ്രൈവററ് കോളേജദ്ധ്യാപക സമൂഹം ഇപ്പോൾ കടന്നുപോകുന്നത്. അധ്യാപകരുടെ ആത്മാഭിമാനത്തെപ്പോലും ചോദ്യം ചെയ്യുന്ന വിചിത്രമായ ഉത്തരവുകളാണ് ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതിനെയൊക്കെ ചെറുക്കാൻ കോളേജധ്യാപകർക്ക് എ കെ പി സി ടി എ എന്ന ഒരേയൊരു സംഘടനയേയുള്ളൂ. ഓരോ ബ്രാഞ്ചിലും അധ്യാപകരോട് ഈ സത്യം വിശദീകരിച്ചുകൊടുക്കാനും കൂടുതൽ കൂടുതൽ അധ്യാപകരെ എ കെ പി സി ടി എ യിൽ അംഗങ്ങളാക്കാനും ബ്രാഞ്ചുപ്രവർത്തകർക്ക് കഴിയണം.

മെമ്പർഷിപ്പുതുക ട്രഷറർക്ക് എത്രയും വേഗം അയയ്ക്കുക.

വിലാസം
പ്രൊഫ. സി. ജെ. ശിവശങ്കരൻ
മഞ്ജുഷ
പേഷ്കാർ റോഡ്
ഇരിങ്ങാലക്കുട

# പ്രവർത്തക സമിതി അംഗങ്ങളുടെ ഉപവാസം

യൂണിവേഴ്സിററി സമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഉടൻ നടത്തുക, ഏകീകൃത സർവ്വകലാശാലാനിയമം ഉപേക്ഷിക്കുക, പ്രതിമാസ റിപ്പോർട്ടിന്റെ പേരിൽ ശമ്പളം തടയുന്ന നടപടി അവസാനിപ്പിക്കുക, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അധ്യാപക ദ്രോഹ നടപടികൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എ കെ പി സി ടി എ പ്രവർത്തക സമിതി അംഗങ്ങൾ ജൂലൈ 13 ന് സെക്രട്ടേറിയററു നടയിൽ ഉപവാസം നടത്തി. പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദനാണ് ഉപവാസ സത്യഗ്രഹം ഉദ്ഘാടനം ചെയ്തത്. കേരളത്തിലെ വിദ്യാഭ്യാസരംഗം മുഴുവൻ സ്വകാര്യ കച്ചവടക്കാർക്ക് സർക്കാർ തീറെഴുതിയിരിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. കേരളംവിദ്യാഭ്യാസ രംഗത്താർജിച്ച നേട്ടങ്ങളെല്ലാം ഈ സർക്കാർ ഒന്നൊന്നായി തകർക്കുകയാണ്. വൈസ് ചാൻസലറന്മാരും വിദ്യാഭ്യാസമന്ത്രിയും ചേർന്നുള്ള തന്നിഷ്ട ഭരണമാണ് ഉന്നതവിദ്യാഭ്യാസ രംഗത്തിപ്പോൾ നടക്കുന്നത്. ശമ്പള ബില്ലിനോടൊപ്പം പ്രതിമാസറിപ്പോർട്ടും നല്കിയില്ലെങ്കിൽ അധ്യാപകരുടെ ശമ്പളം തടയുമെന്ന ഉത്തരവ് കേട്ടുകേൾവി ഇല്ലാത്തതാണെന്നും മന്ത്രിയുടെ അറിവില്ലാതെ ഇത്തരം ഉത്തരവുകളുണ്ടാവുകയില്ലെന്നും വി. എസ്. പറഞ്ഞു.

മുൻ വിദ്യാഭ്യാസമന്ത്രി കെ. ചന്ദ്രശേഖരൻ, ടി. കെ. രാമകൃഷ്ണൻ, പ്രൊഫ. പി. കെ. മാധവൻനായർ, പോൾകാക്കശ്ശേരി, ജസ്ററസ് തുടങ്ങിയവർ സംസാരിച്ചു.

എ കെ ജി സി ടി, എൻ ജി ഒ യൂണിയൻ, എൻ എഫ് പി ടി ഇ സെക്രട്ടേറിയററ് എംപ്ളോയീസ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ പ്രകടനമായെത്തി ഉപവാസത്തിന് അഭിവാദ്യമർപ്പിച്ചു.

---

ഹത്തിന്റെ നൻമക്കുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതിൽകൂടിയേ ഒരദ്ധ്യാപകൻ പൂർണ്ണനാകയുള്ളു. അപ്പോൾ അദ്ധ്യാപകന്റെ സുഖസൗകര്യങ്ങൾ നോക്കുക സംരക്ഷിക്കുക, മെച്ചപ്പെടുത്തുക എന്നതൊക്കെ സമൂഹത്തിന്റെ കടമയായി മാറും.''

നൂറു ശതമാനം സാക്ഷരത നേടിയ കേരളത്തിന്റെ നേട്ടം അഭിനന്ദനാർഹമാണെന്നു മന്ത്രി പറഞ്ഞു. ബംഗാളിലെ സാക്ഷരതാ നിരക്ക് 68% മാത്രമാണ്. അടുത്ത മൂന്നുവർഷങ്ങൾക്കുള്ളിൽ നൂറുശതമാനംസാക്ഷരത കൈവരിക്കാനാവും എന്ന പ്രത്യാശയാണ് സർക്കാരിനുള്ളത്.

സ്വകാര്യ മേഖലയ്ക്കു കൂടുതൽ പ്രാധാന്യം ലഭിച്ചുകൊണ്ടിരിക്കുന്ന അവസരമാണിത്. ലാഭമുള്ള മേഖലകളിലേക്ക് എല്ലാവരും ആകർഷിക്കപ്പെടുന്നു. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണമുണ്ടാക്കുവാൻ ഉതകുന്ന സ്ഥാപനങ്ങളായി മാറികൊണ്ടിരിക്കുകയാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെ ഫീസുകൾവർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം അപ്രാപ്യമായിത്തീർന്നുകൊണ്ടിരിക്കുന്നു. ഇതിനോടു മന്ത്രി ഇപ്രകാരമാണ് പ്രതികരിച്ചത്:

''വിദ്യാഭ്യാസത്തിനുള്ള അവകാശം എല്ലാവർക്കുമുണ്ട്. വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുവാനും വിദ്യാഭ്യാസ കച്ചവടം നടത്തി ലാഭം ഉണ്ടാക്കുവാനുമുള്ള ശ്രമം വ്യാപകമായി ഉണ്ട്. പക്ഷേ ബംഗാളിൽ ഇത് നടക്കില്ല, ഇടതുപക്ഷ ഭരണം വിദ്യാഭ്യാസ മേഖലയിൽവ്യക്തമായൊരു അടിത്തറയിട്ടിരിക്കയാണ്, ഇനിയും കോൺഗ്രസുകാർ ഭരിച്ചാലും ഈ അടിത്തറയും ഘടനയും മാററുവാൻ പ്രയാസമായിരിക്കും, 'ജനങ്ങളതിനനുവദിക്കുകയില്ല.''

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുപ്പതിലേറെ വർഷങ്ങളുടെ അനുഭവ സമ്പത്തുള്ള ഒരു വ്യക്തിയാണ്, പ്രൊഫ. സത്യസാധൻ ചക്രവർത്തി. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരധ്യാപകനും ഒരു മന്ത്രിയുമാണ് പ്രൊഫ. സത്യസാധൻ ചക്രവർത്തി. അദ്ദേഹത്തിന്റെ ഓരോ വാക്കുകളിലും ഇത് പ്രതിഫലിച്ചിരുന്നു.

[കോഴിക്കോട് ഗസ്ററ് ഹൗസിൽ വച്ച് പശ്ചിമബംഗാൾ വിദ്യാഭ്യാസ മന്ത്രിയുമായി നടത്തിയ ഈ അഭിമുഖ സംഭാഷണത്തിൽ 'ഐഫക്ടോ'യുടെ സെക്രട്ടറി പ്രൊഫ. എസ്, വിശ്വനാഥനും, ഏകെപിസിടിഎ ആലപ്പുഴ ജില്ലാ പ്രസിഡണ്ട് പ്രൊഫ. ജോൺ എം. ഇട്ടിയും പങ്കെടുത്തു.]


With the best compliments of

# Priya Laboratories

**Thamarabhagham, Medical College P.O**

**Thiruvananthapuram 695 011**

**Tel – 446661**

# ഐഫക്ടോ: ജയ്പൂർ സമ്മേളനം

പ്രൊഫ. എസ്. വിശ്വനാഥൻ
സെക്രട്ടറി, ഐഫക്ടോ

ഐഫക്ടോയുടെ ഇരുപത്താറാമതു വാർഷിക സമ്മേളനവും ദേശീയ പ്രവർത്തക സമിതി യോഗവും ഇക്കുറി ഇന്ത്യയുടെ പിങ്ക് നഗരമായ ജയ്പൂരിൽവച്ച് ജൂൺ 10,11,12 തീയതികളിൽ നടന്നു. പതിനേഴ് സംസ്ഥാനങ്ങളിൽ നിന്ന് ഏകദേശം ഇരുന്നൂററമ്പത് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. എ കെ പി സി ടി എ പ്രസിഡണ്ട് പ്രൊഫ. എൽ. ജി. വർഗീസ്, പ്രവർത്തകസമിതി അംഗവും ഐഫക്ടോ സെക്രട്ടറിയുമായ പ്രൊഫ. എസ്. വിശ്വനാഥൻ, പ്രവർത്തക സമിതി അംഗം പ്രൊഫ. ടി.കെ.ജി. നായർ എന്നിവരായിരുന്നു എ കെ പി സി ടി എ പ്രതിനിധികൾ.

ജൂൺ പത്തിന് രാവിലെ ഒൻപതു മണിക്ക് ഐഫക്ടോ ദേശീയ നിർവാഹകസമിതിയോഗം പ്രസിഡൻറ് പ്രൊഫ. സുധീർറായി എം. പിയുടെ അധ്യക്ഷതയിൽ ചേർന്നു. കോളേജ് യൂണിവേഴ്സിററി അധ്യാപകരുടെ ശമ്പള പരിഷ്ക്കാരത്തിനുവേണ്ടി ഒരു പേ റിവിഷൻ കമ്മററിയെ നിയമിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിൽ യോഗം ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. കേന്ദ്ര ഗവൺമെൻറ് ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കാനുള്ള കമ്മററി രൂപീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ അധ്യാപകരുടെ ശമ്പളപരിഷ്ക്കരണം നീട്ടിക്കൊണ്ടുപോകുന്നതിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധിക്കാൻ യോഗം അധ്യാപകരോട് ആഹ്വാനം ചെയ്തു. 1986 യു.ജി.സി റിവിഷനുമായി ബന്ധപ്പെട്ട് ഇനിയും അവശേഷിക്കുന്ന അനോമിലികൾ പരിഹരിക്കാൻ കേന്ദ്ര—സംസ്ഥാന സർക്കാരുകൾ സത്വര നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ശമ്പള പരിഷ്ക്കരണത്തിൻെറ മുന്നോടിയായി അധ്യാപകർക്ക് ഇടക്കാലാശ്വാസം അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

ജൂൺ പത്ത് പന്ത്രണ്ട് തീയതികളിൽ നടന്ന ഐഫക്ടോയുടെ 26-ാമത് ദേശീയ അക്കാദമിക് സമ്മേളനം പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്നതായിരുന്നു. രാജസ്ഥാൻ ഗവർണർ ബൽറാം ഭഗത്താണ് അക്കാദമിക് സമ്മേളനം ഉദ്ഘാടനം ചെയ്തത്. സംസ്ഥാനത്തെ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ശ്രദ്ധേയരായ ശ്രീമാൻമാർ ആർ. എൻ.. സിംഗ്, എൻ. എസ്. ശർമ്മ, ജസ്ററിസ് ഡി എസ്. ഭാവ തുടങ്ങിയവർ സമ്മേളനത്തിന് ആശംസകൾ നേർന്നു. രാജസ്ഥാനിലെ പ്രമുഖ കോളേജ് യൂണിവേഴ്സിററി അധ്യാപക സംഘടനകളായ RUCTA, RUTA, JYUTA, SUTA, MDSUTA, KOUTA എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. 'ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി' എന്നതായിരുന്നു കോൺഫറൻസിൻെറ വിഷയം.

പുത്തൻ സാമ്പത്തിക നയത്തിൻെറ സൃഷ്ടികളായ വരേണ്യവൽക്കരണവും സ്വകാര്യവൽക്കരണവും ജീവിതത്തിൻെറ എല്ലാ മേഖലകളെയും താറുമാറാക്കിക്കൊണ്ടിരിക്കയാണ്. ഈ നയം തന്നെയാണ് വിദ്യാഭ്യാസ മേഖലയേയും തകർക്കുന്നതെന്ന് സമ്മേളനം വിലയിരുത്തി. ദേശീയമൊത്ത വരുമാനത്തിൻെറ ആറു ശതമാനം വിദ്യാഭ്യാസത്തിന് നീക്കിവയ്ക്കുമെന്നത് വെറുമൊരു പ്രഖ്യാപനമായി നിലനിൽക്കുന്നു. യഥാർത്ഥത്തിൽ മൂന്നു ശതമാനത്തിൽ താഴെ മാത്രമേ ഈ മേഖലയിൽ ചെലവഴിക്കുന്നുള്ളു.

ഏഷ്യയിലെയും ആഫ്രിക്കയിലെയും മിക്ക രാജ്യങ്ങളും വിദ്യാഭ്യാസത്തിനുവേണ്ടി ഇതിലും വലിയ നിരക്കിൽ പണം ചെലവിടുന്നുവെന്ന യാഥാർത്ഥ്യം ഭരണക്കാരുടെ ഈ പ്രശ്നത്തോടുള്ള അവഗണനയുടെ ആഴം വ്യക്തമാക്കുന്നു.

നിലവാരമുള്ള വിദ്യാഭ്യാസം സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കുകൂടി ലഭ്യമാക്കുകയെന്ന സാമൂഹ്യബാദ്ധ്യതയിൽ നിന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒഴിഞ്ഞുമാറുകയാണ്. വിദ്യാഭ്യാസം ലാഭമുണ്ടാക്കാനുള്ള വെറുമൊരു കച്ചവട ചരക്കായിരിക്കുന്നു. സാമ്പത്തികമായും സാമൂഹ്യമായും പിന്നണിയിൽ നിൽക്കുന്നവർക്ക് അത് അന്യമാവുന്നു.

അതുപോലെ രാജ്യത്തെമ്പാടും കുമിളുകൾ പോലെ മുളച്ചുപൊന്തുന്ന സ്വാശ്രയ കോളേജുകൾ, തുഛശമ്പളക്കാരായ, യാതൊരു സേവന ഭദ്രതയുമില്ലാത്ത, അധ്യാപകരുടെ ഒരു വലിയ നിര ഇതുമൂലം സൃഷ്ടിക്കപ്പെടുന്നു. വിദ്യാർത്ഥികൾക്കാണെങ്കിൽ അടിസ്ഥാന ആവശ്യങ്ങൾ പോലും അവിടെ നിറവേറ്റാൻ കഴിയുന്നില്ല. അഴിമതിയും അനീതിയും എങ്ങും നടമാടുന്നു. ഇതൊക്കെയാണ് ഉന്നത വിദ്യാഭ്യാസ മേഖല ഇന്നനുഭവിക്കുന്ന പ്രതിസന്ധികൾ. ഈ കൊടിയ സാമൂഹ്യവിപത്തിനെതിരെ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ പണിയെടുക്കുന്ന അധ്യാപകർ അതിശക്തമായ പോരാട്ടം നടത്തണമെന്ന് ജയ്പ്പൂർ സമ്മേളനം ആഹ്വാനം ചെയ്തു. □

Your kind of life

Your kind of bank

**The Federal Bank Ltd**

**Regd office : Alwaye**

# ജേർണൽ അറിയിപ്പ്

- ☐ 'കേരള പ്രൈവററ് കോളേജ് ടീച്ചർ' കെട്ടിലും മട്ടിലും മെച്ചപ്പെടുത്താൻ എഡിറേറാറിയൽ ബോർഡ് തീരുമാനിച്ചിരിക്കയാണ്, ഇതനുസരിച്ച് കവർ ഇപ്പോരം ഓഫ്സെററിലാണ് അച്ചടിക്കുന്നത്. ഇനിയു മററങ്ങരം വരുത്തുന്നുണ്ട്.

- ☐ ജേർണലിൽ ഉരംപ്പെടുത്താനുള്ള മാററർ എല്ലാ മാസവും 5–ാം തീയതിക്കകം എഡിററർക്ക് കിട്ടിയിരിക്കണം. ഫോട്ടോ, ചോദ്യങ്ങരം, അധ്യാപകരുടെ നല്ല കലാസൃഷ്ടികരം എന്നിവയും അയച്ചുതരണം.

- ☐ അച്ചടിച്ചെലവ് ഭാരിച്ചതാണ്. ഇത് നികത്താൻ കഴിയുന്നത്ര പരസ്യങ്ങരം ശേഖരിച്ച് എത്തിച്ചു തരിക. താരിഫ് കാർഡുകരം ജില്ലാ സെക്രട്ടറിയുടെ കൈയിലുണ്ട്. മാനേജിംഗ് എഡിററർക്ക് നേരിട്ടെഴുതിയാലും അയച്ചുതരുന്നതാണ്.

- ☐ എല്ലാ എ കെ പി സി ടി എ അംഗങ്ങളും ജേർണൽ വരിക്കാരാകണം. ഇരുപതു രൂപ മാത്രമാണ് വാർഷിക വരിസംഖ്യ. അംഗങ്ങളല്ലാത്തവരെ കൂടി വരിക്കാരാക്കി പരമാവധി അധ്യാപകരിൽ എ കെ പി സി ടി എ യുടെ സന്ദേശമെത്തിക്കാനുള്ള പ്രവർത്തനം ബ്രാഞ്ചുകരം ഏറെറടുക്കണം.

- ☐ ഓരോ കോളേജിൽ നിന്നും വരിക്കാരുടെ പുതിയ ലിസ്ററ് തയ്യാറാക്കി (കഴിവതും ടൈപ്പ് ചെയ്ത്) മാനേജിംഗ് എഡിററർക്ക് ഉടൻ തന്നെ അയയ്ക്കണം. തുടർന്ന് വരിസംഖ്യയും അയയ്ക്കുക, കുടിശിക വരുത്തിയ ബ്രാഞ്ചുകരം അതും ഉടൻതന്നെ അയച്ചുതരണം.

- ☐ ജേർണൽ ബണ്ടിലായി കോളേജിലേക്ക് അയച്ചുതരണമെങ്കിൽ അത് അറിയിക്കണം. എണ്ണവും എഴുതണം.

- ☐ വരിസംഖ്യ, പരസ്യം, ജേർണൽ എണ്ണം തുടങ്ങിയ എല്ലാവിവരങ്ങളും മാനേജിംഗ് എഡിററർക്കാണ് എഴുതേണ്ടത്.

വിലാസം : എ. പ്രതാപചന്ദ്രൻ നായർ,
കുരവട്ടം, പരുത്തിപ്പള്ളി പി. ഒ., തിരുവനന്തപുരം
പിൻ : 695574

- ☐ മാററർ, ഫോട്ടോ, ചോദ്യങ്ങരം എല്ലാം എഡിററർക്ക് അയയ്ക്കുക

വിലാസം : വി. എൻ. മുരളി
വസന്തം, ചെമ്പകശ്ശേരിനഗർ, കേശവദാസപുരം
തിരുവനന്തപുരം–4

# കേരളം

## അനുഗ്രഹീതമാണീ നാടും ജനങ്ങളും

ഹരിതചാരുതയും
വശ്യനീലിമയും ഇവിടം
സഞ്ചാരികളുടെ
സ്വർഗമാക്കുന്നു
ചരിത്രസ്മാരകങ്ങളും
സാംസ്കാരിക
പൈതൃകവും ഇവിടം
ലോകത്തിന്റെയാകെ
ശ്രദ്ധാകേന്ദ്രമാക്കുന്നു.
നമ്മുടെ പരമ്പരാഗത
കലകൾ അവർക്കു
മതിവരാത്ത
വിരുന്നാകുന്നു.
ഇവയ്ക്കെല്ലാ
മുപരിയായി
അവർക്കായി നൽകാൻ
നമുക്കു തനതായി
മററു ചിലതുണ്ട്
നമ്മുടെ ആതിഥ്യ
ത്തിന്റെ ഊഷ്മളതയും
അതിഥിയെ ദേവനായി
കരുതുന്ന ആർഷ
പൈതൃകത്തിന്റെ
അന്തസത്തയും.
നമുക്കെന്നും
ഈ പാരമ്പര്യം നില
നിർത്താം അതിലെന്നും
അഭിമാനം കൊള്ളാം.

**കേരളാ ടൂറിസം**

പാർക്ക് വ്യൂ, തിരുവനന്തപുരം- 695 033 ഫോൺ : 0471-61132, ടെലക്സ് : 0435-336 KTDC IN

# എകെപിസിടിഎ മന്ദിരത്തിന് തറക്കല്ലിട്ടു

സ്വകാര്യ കോളേജ് അധ്യാപകരുടെ ഒരു ചിരകാല സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുന്നു. അധ്യാപകരിൽ അവകാശബോധമുണർത്തി, അവരുടെ സംരക്ഷണ കുടയായിത്തീർന്നിട്ടുള്ള എകെപിസിടിഎ യ്ക്ക് തലസ്ഥാനത്ത് ഒരാസ്ഥാനമുണ്ടാകുന്നു.

എകെപിസിടിഎ സംസ്ഥാന കമ്മിറ്റി ഓഫീസ് കെട്ടിടത്തിന്റെ തറക്കല്ലിടൽ ജൂൺ 25ന് നടന്നു. സംഘടനയുടെ മുൻപ്രസിഡന്റ് പ്രൊഫ. വി. നാരായണൻകുട്ടിയാണ് തറക്കല്ലിട്ടത്. തുടർന്ന് നടന്ന യോഗത്തിൽ സംഘടനാ പ്രസിഡന്റ് പ്രൊഫ. എൽ. ജി. വർഗീസ് അധ്യക്ഷത വഹിച്ചു. കെ എസ് ടി എ ജനറൽ സെക്രട്ടറി കെ. ബാലകൃഷ്ണൻ നമ്പ്യാർ, എൻജിഒ യൂണിയൻ ജനറൽ സെക്രട്ടറി കെ കൃഷ്ണൻ, എകെജിസിടി ജനറൽ സെക്രട്ടറി പ്രൊഫ. പി. കെ. മാധവൻ നായർ, കേന്ദ്രഗവൺമെന്റ് ജീവനക്കാരുടെ കോൺഫെഡറേഷൻ നേതാവ് സി.പി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായർ സ്വാഗതവും ബിൽഡിംഗ് കമ്മറ്റി കൺവീനർ പ്രൊഫ. കെ. പി. ദിവാകരൻനായർ നന്ദിയും പറഞ്ഞു.


വിവിധ കോളേജുകളിൽ നിന്നും എത്തിയ അധ്യാപകർ, സംഘടനയുടെ മുൻനേതാക്കളും പ്രവർത്തകരും, സഹോദര സംഘടനകളുടെ നേതാക്കൻമാർ തുടങ്ങി വലിയൊരു സദസ്സ് ചടങ്ങിൽ സംബന്ധിച്ചു.

## പണി തുടങ്ങി

തറക്കല്ലിടലിനെത്തുടർന്ന് കെട്ടിടത്തിന്റെ പണി ആരംഭിച്ചു. കാലവിളമ്പമില്ലാതെ പണി പൂർത്തിയാക്കാനാണ് സംഘടന നിശ്ചയിച്ചിട്ടുള്ളത്. പ്രവർത്തക സമിതി നിയോഗിച്ചിട്ടുള്ള ഒരു ബിൽഡിംഗ് കമ്മറ്റിയാണ് പണിയുടെ മേൽനോട്ടം നിർവഹിക്കുന്നത്.

---

# പ്രൊഫ. കെ. എം. തോമസിന് ഡോക്ടറേറ്റ്



മൂവാറ്റുപുഴ നിർമ്മലാ കോളേജ് അധ്യാപകൻ പ്രൊഫ. കെ. എം. തോമസിന് കേരള സർവ്വകലാശാല ഡോക്ടറേറ്റ് നല്കി. 'മുണ്ടശ്ശേരിയുടെ നിരൂപണം ഒരു വിമർശനാത്മകപഠനം' എന്നവിഷയത്തിലായിരുന്നു പ്രൊഫ. തോമസിന്റെ ഗവേഷണം. എ കെ പി സി ടി എ യുടെ സജീവ പ്രവർത്തകനായ തോമസ് മഹാത്മഗാന്ധി സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് (മലയാളം—പാസ്) അംഗവുമാണ്.

### കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ധിക്കാരത്തിനെതിരേ

# അധ്യാപക മാർച്ചും കൂട്ട ധർണയും

ശമ്പള ബില്ലനോടൊപ്പം പ്രതിമാസറിപ്പോർട്ടു വച്ചില്ലെങ്കിൽ പ്രൈവററ് കോളേജധ്യാപകരുടെ ശമ്പളം തടയുമെന്ന കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിയമവിരുദ്ധമായ നിലപാടിനെതിരേ എ കെ പി സി ടി എ പ്രവർത്തകർ പ്രതിഷേധ പ്രകടനവും ഡയറക്ടറുടെ ഓഫീസിന് മുമ്പിൽ കൂട്ട ധർണയും നടത്തി. എഫ് എസ് ഇ ടി ഒ ജനറൽ സെക്രട്ടറി കെ ബാലകൃഷ്ണൻ നമ്പ്യാർ കൂട്ടധർണ ഉദ്ഘാടനം ചെയ്തു.

ശമ്പളം ലഭിക്കണമെങ്കിൽ ബില്ലിനോടൊപ്പം പ്രതിമാസം ചെയ്ത ജോലിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ വിശദീകരണം കൂടി അധ്യാപകർ നല്കണമെന്ന നിബന്ധന ജീവനക്കാരുടെ മററൊരു മേഖലയിലും കേട്ടുകേൾവിപോലുമില്ലാത്തതാണെന്ന് ധർണ ഉദ്ഘാടനം ചെയ്ത ബാലകൃഷ്ണൻ നമ്പ്യാർ പറഞ്ഞു, അക്കാദമിക് കാര്യങ്ങളിൽ മോണിററിഗ് നടത്താനുള്ള അവകാശവും അർഹതയും യൂണിവേഴ്സിററികൾക്കാണ്. ആ അവകാശം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എടുത്തുപയോഗിക്കുന്നതിൽ യാതൊരു നീതീകരണവുമില്ല. സംഘടിത പ്രസ്ഥാനങ്ങൾ ഇത്തരം നടപടികൾ അനുവദിച്ചുകൊടുക്കുകയുമില്ല. സ്വന്തം ഓഫീസിൽ ചെയ്തു തീർക്കാൻ ബാധ്യതപ്പെട്ട ജോലികൾ ചെയ്യുന്നതിൽ കുററകരമായ അനാസ്ഥ കാണിക്കുന്ന കോളേജ് വിദ്യാഭ്യാസ ഡയറക്ടറാണ് തനിക്ക് അധികാരമില്ലാത്ത മേഖലയിൽ കടന്നു കയററം നടത്തി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. പ്രോവിഡൻറ് ഫണ്ടിൽ നിന്നും ലോണനുവദിക്കുന്നതിന് വർഷങ്ങളുടെ കാലതാമസമാണിന്നുണ്ടാകുന്നത്. റിട്ടയർ ചെയ്ത അധ്യാപകരുടെ പെൻഷനും മററാനുകൂല്യങ്ങളും നൽകുന്നതിലും അക്ഷന്തവ്യമായ കാലതാമസം വരുത്തുകയാണ്. പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരമുണ്ടാക്കുന്നില്ലെങ്കിൽ അതിശക്തമായ പ്രക്ഷോഭത്തിന് സംഘടന രൂപം നൽകുമെന്ന് ധർണയെ അഭിസംബോധന ചെയ്ത പ്രസിഡൻറ് പ്രൊഫ. എൽ ജി വർഗീസും ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദശിവൻ നായരും പറഞ്ഞു. മുൻജനറൽ സെക്രട്ടറി പ്രൊഫ. ടി എൻ. രാമൻ പിള്ളയും സംസാരിച്ചു.

എ കെ ജി സി ടി, എൻ ജി ഒ യൂണിയൻ, കെ ജി ഒ എ, കെ എം സി എസ് യു, സെക്രട്ടേറിയററ് എംപ്ളോയീസ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ അഭിവാദ്യമർപ്പിച്ചു.

# സർവകലാശാലാപരിഷ്കാരങ്ങൾ
# ചില പ്രാഥമികനിരീക്ഷണങ്ങൾ

കെ. എൻ. ഗണേഷ്

കേരള ഗവർമെണ്ട് രണ്ടു പുതിയ സർവകലാശാല സ്ഥാപിക്കാനെടുത്ത തീരുമാനം വിവാദ വിഷയമായിരിക്കുകയാണ് അവയിൽ കാലടി ശങ്കരാചാര്യ സർവകലാശാല പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. മലബാർ സർവകലാശാലയുടെ ടാസ്ക് ഫോഴ്സ് അടുത്തുതന്നെ റിപ്പോർട്ട് സമർപ്പിക്കും. ഈ രണ്ട് സർവകലാശാലയുടെയും സ്ഥാപനത്തെ സ്വാഗതം ചെയ്യുന്നവരും എതിർപ്പുപ്രകടിപ്പിക്കുന്നവരുമുണ്ട്.

കേരളത്തിലെ സർവകലാശാലകൾ ഒന്നടങ്കം വിവിധ തരത്തിലുള്ള വിവാദങ്ങളിൽ പെട്ടിരിക്കേയാണ് പുതിയ സർവകലാശാലകൾ സ്ഥാപിക്കപ്പെടുന്നത്. പരീക്ഷകളുടെ നടത്തിപ്പ്, കോഴ്സുകളുടെയും ഗവേഷണത്തിന്റെയും ഗുണനിലവാരം, ജനാധിപത്യ ഭരണസമിതികളുടെ പ്രവർത്തനങ്ങൾ മുതലായവയെല്ലാം ചർച്ചാവിഷയമാണ്. സർവകലാശാലകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കൊണ്ടുവന്ന സർവകലാശാലാ നിയമംപോലും നിയമപരവും അക്കാദമികവുമായ നിരവധി പ്രശ്നങ്ങളിൽ പെട്ടുകിടക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സഗൗരവമായ നീക്കങ്ങളില്ലാതിരിക്കവെയാണ് പുതിയ സർവകലാശാലകൾ ആരംഭിക്കുന്നത്.

പഴയ സർവകലാശാലകൾക്കുള്ള ദൗർബല്യങ്ങൾ പുതിയവക്കും ഉണ്ടാകരുതെന്ന് ആശിക്കുന്നത് സ്വാഭാവികം. അതിന്റെ ഫലമായി പലതരത്തിലുള്ള മാററങ്ങൾ പുതിയവയിൽ നടപ്പിലാക്കാൻ ശ്രമം നടക്കുന്നു. കാലടി സർവകലാശാലയിൽ സെനററ് ഉപേക്ഷിച്ചത് ഉദാഹരണമാണ്. നിർദ്ദിഷ്ട മലബാർ സർവകലാശാലയും ഇന്ന് നിലവിലുള്ള ജനാധിപത്യ ഭരണസംവിധാനം ഉപേക്ഷിച്ചുകൂടായ്കയില്ല.

സർവകലാശാലകളുടെ ഘടനയിലും മാററങ്ങൾ വരുത്താനുള്ള നീക്കങ്ങൾ നടക്കുന്നു. കേരള-കാലിക്കററ് സർവകലാശാലകളിൽ കാലാവധി കഴിഞ്ഞിട്ടും ഭരണസമിതികളിലേക്ക് തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. കൂടാതെ പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്റെ പേരിൽ സ്വാശ്രയ സ്വഭാവമുള്ള എക്സ്ററൻഷൻ കോഴ്സുകൾ നടത്താനാണ് സർവകലാശാലകൾക്ക് കൂടുതൽ താൽപ്പര്യം എ ഐ സി ടി ഇ യുടെ അനുമതിയില്ലാതെ തുടങ്ങിയ ചെങ്ങന്നൂരിലെ സ്വാശ്രയകോളേജ് കൊച്ചീൻ സർവകലാശാലായുമായി അഫിലിയേററ് ചെയ്തത് മറെറാരു വിവാദ വിഷയമാണ്.

ഇത്രയധികം വിവാദപരമായി നടത്തുന്ന സർവകലാശാലാ പരിഷ്കാരങ്ങളുടെ ലക്ഷ്യങ്ങൾ പരിശോധിക്കേണ്ടതാണ്. മുമ്പു നിലവിലിരുന്ന സർവകലാശാലസംവിധാനത്തിന്റെ യഥാർഥ ദൗർബല്യങ്ങളെന്തെന്നും ഇപ്പോൾ സ്ഥാപിക്കുന്ന സർവകലാശാലകളും പരിഷ്കാരങ്ങളും ഈ ദൗർബല്യങ്ങൾക്ക് പരിഹാരമാണോ എന്നും അന്വേഷിക്കണം.

സർവകലാശാലകളുടെ ലക്ഷ്യത്തെക്കുറിച്ച് ഏകീകൃതമായ അഭിപ്രായമില്ല. പലർക്കും സർവകലാശാലകൾ പരീക്ഷകൾ നടത്തുകയും മാർക്ക്ലിസ്ററ് വിതരണം ചെയ്യുകയും കോഴ്സുകളും കോളേജുകളും നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു ആഫീസ് ആണ്.

(തുടരും)

ആശംസകളോടെ,

# വിജയാ ഹോട്ടൽ A/C

കരുനാഗപ്പള്ളി

ഫോൺ. 20418

രുചികരമായ ഭക്ഷണങ്ങൾക്ക് !

സ്വാദൂറും മധുരം നുണയാൻ

# വിജയാ റെസ്റ്റോറന്റ്

&

# ഐസ്ക്രീം പാർലർ

സമ്മേളനങ്ങൾ, വിവാഹപാർട്ടികൾ, സെമിനാറുകൾ എന്നിവയ്ക്ക് ആധുനിക സൗകര്യങ്ങളോടു കൂടിയ

കോൺഫറൻസ് ഹാൾ

## മെമ്പർ ശ്രീ. നാരായണപിള്ള

## മെമ്മോറിയൽ ഹാൾ

കരുനാഗപ്പള്ളി

# ഗവ: ഉത്തരവുകൾ

Copy of letter No. 17799/B2/91/H. Edn. dated, Thiruvananthapuram 21-3-1994 from the Secretary to Government, Higher Education (B) Department adressed to 'The Director of Collegiate Education, Thiruvananthapuram.

Sub UGC Scheme-implementation-placement fixation of pay of College Teachers—

Ref: 1 your letter No. GE 10/E/UGC/195 dated 15-5-'91

2. Government letter of even number dated 23-4-'92

In inviting your kind attention to the references cited I am directed to inform you as follows regarding the fixation of pay when a teacher placed under UGC Scheme is promoted to the next higher scale on completion of 8 years/16 years of Service.

The grant of Senior Scale or selection grade to Lecturers already placed in the UGC Scheme/Scale can be treated only as a further placement similar to that of the time-bound non-cadre promotion/Higher grade granted to State Government employees.

Their pay may be fixed as provisions contained in rule 37 (a) of part I K.S.R. But no benefits of re-fixation can be allowed in such cases. They may be given chance for option as permitted in the case of non-cadre promotions.

Accordingly when placement is given in the higher scale (Senior or Selection (Grade) the pay may be fixed in the new scale at the next higher stage ie. the stage next above his pay in the lower time scale irrespective of whether the pay in the lower scale is a stage in the higher time Scale or not. (No notional increment be given since the monetary benefit of the minimum of the lower post excеede Rs. 2100/- on 1-1-86. and Rs. 2640-with effect from 1 7-88)

Under Secretary
For Secretary to Government


**SMOKELESS OVENS**

**FOR HOMES & HOTELS**

**ALWAYE SETTLEMENT INDUSTRIES ESTD-1935**

VOLUNTARY AGENCY GOVT OF KERALA

**U. C. COLLEGE-P.O. ALWAYE 683102**

**PHONE 23846 (04854)**

**CALICUT-NEAR CIVIL STATION**

**PHONE (0495) 54868**

# ഗവ: ഉത്തരവുകൾ

No. 26784/B2/92/H Edn.

Higher Education (B) Department
Thiruvananthapuram, Dt. 12-10-93

GOVERNMENT OF KERALA

CIRCULAR

Sub:—Implementation of UGC Scheme/ Scale reckoning LWA on Medical grounds-reg

Ref:—(1) Govt. lr. No 42853/DI/82/ H Edn dt. 5-3-83.

(2) Lr. No. No. UGC Cell II (2) 37677/90/ Coll. Edn. dt. 13-7-92 from the DCE,

As per the Government letter first cited, Leave Without Allowance on medical ground is not treated as qualifying service for non cadre promotions. The Director of Collegiate Education has now sought clarification as to whether Leave With-out Allowance on medical grounds can be counted for the purpose of placement under the UGC Scheme.

2) Government have examined the matter and claarify that the period of Leave Without Allowance on medical grounds can be considered as on duty for granting placement under UGC Scheme. The clarification issued in letter No 42853/DI/82/II Edn. dt. 5/3/83 will stand

G. KUCHELA DAS
JOINT SCERETARY TO GOVERNMENT
FOR SECRETARY TO GOVERNMENT

# കേരള സർക്കാർ

സംഗ്രഹം

ക്ഷാമബത്ത കുടിശ്ശിക-പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുവാൻ സമയം ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിക്കുന്നു

ധനകാര്യ (പി.ആർ.യു) വകുപ്പ്

സ ഉ (സി) 434/94/ ധന. വകുപ്പ്. തിരുവനന്തപുരം, തീയതി 18-7-94

പരാമർശം

1. സർക്കാർ ഉത്തരവ് 175/89/ധന തീയതി 22-3-89
2. ,, ,, 376/89/ധന. തീയതി 25-8-89
3. ,, ,, 199/90/ധന. തീയതി 23 3-90
4. ,, ,, 265/91/ധന. തീയതി 22-3-91
5. ,, ,, 432/91/ധന. തീയതി 24.7.91

6 ,, ,, 364/92/ധന. തീയതി 15-4.92

7 ,, ,, 211/93/ധന തീയതി 15-3-93

8 ,, ,, 331/94/ധന. തീയതി 19-4.94

9 ,, ,, 91/94/ധന. തീയതി 4-2-94

## ഉത്തരവ്

മേൽ പരാമർശിച്ച 9-ാം നമ്പർ സർക്കാർ ഉത്തരവിൽ ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക പ്രൊവിഡൻറ് ഫണ്ടിൽലയിപ്പിക്കുവാൻ 1994 മാർച്ച് 31 വരെ സമയം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ കാലയളവിനുള്ളിൽ ക്ഷാമബത്തപ്രൊവിഡൻറ് ഫണ്ടിൽ ലയിപ്പിക്കാൻ കഴിയാത്ത ധാരാളം ജീവനക്കാർ വിവിധ വകുപ്പുകളിൽ ഉണ്ടെന്ന് വകുപ്പുദ്ധ്യക്ഷൻമാർ അറിയിച്ചിട്ടുണ്ട്. മേൽ പ്പറഞ്ഞ സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിയ്ക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് വിവിധ വകുപ്പു മേധാവികളിൽ നിന്നു അപേക്ഷകൾ ലഭിച്ചുകൊണ്ടിരിയ്ക്കുകയാണ്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു ക്ഷാമബത്ത കുടിശ്ശികപ്രൊവിഡൻറ് ഫണ്ടിൽ ലയിപ്പിക്കുവാൻ 30-9.94 വരെ സമയം ദീർഘിപ്പിച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു.

ക്ഷാമബത്ത കുടിശ്ശിക ഇതുവരെയും പ്രൊവിഡൻറ് ഫണ്ടിൽ ലയിപ്പിയ്ക്കാത്തവർ 1994 സെപ്തംബർ മാസം വരെയുള്ള (ഉൾപ്പെടെ, ശമ്പള ബില്ലിനോടൊപ്പം വാങ്ങി പ്രൊവിഡൻറ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിയ്ക്കേണ്ടതാണ്. എല്ലാ വകുപ്പ് മേധാവികളും പ്രത്യേകിച്ചു ബില്ലുകളിൽ മേൽ ഒപ്പു ഇടുന്ന ഓഫീസർമാരും, പ്രൈവററ് സ്കൂളുകൾ, കോളേജുകൾ, പ്രൈവററ് പോളിടെക്നിക്കുകൾ എന്നിവയുടെ മേധാവികളും മേൽ പറഞ്ഞ സമയ പരിധിയ്ക്കുള്ളിൽ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡൻറ് ഫണ്ടിൽ നിക്ഷേപിച്ചതായി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ടി. ഗോപാലകൃഷ്ണൻ

അഡീഷണൽ സെക്രട്ടറി

അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ/ഓഡിററ്. കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പുകൾക്കും. വകുപ്പു മേധാവികൾക്കും.

സെക്രട്ടേറിയററിലെ എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ സെക്ഷനുകളും ഉൾപ്പെടെ) സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ കമ്മീഷൻ (കത്തിനോടൊപ്പം) രജിസ്ട്രാർ, യൂണിവേഴ്സിററി, കേരള/കൊച്ചി/കാലിക്കററ് (കത്തിനോടപ്പം) രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിററി, കോട്ടയം (കത്തിനോടൊപ്പം) രജിസ്ട്രാർ, അഗ്രികൾച്ചറൽ യൂണിവേഴ്സിററി, തൃശൂർ (കത്തിനോടൊപ്പം) സെക്രട്ടറി, കേരള സ്റേററ് ഇലക്ട്രിസ്ററി ബോർഡ് (കത്തിനോടൊപ്പം) ജനറൽ മാനേജർ, കേരള സ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കത്തിനോടപ്പം) രജിസ്ട്രാർ, ഹൈക്കോർട്ട്, എറണാകുളം (കത്തിനോടൊപ്പം)

ജില്ലാ ഗവൺമെൻറ്, സെക്രട്ടറിമാർക്കും, അഡിഷണൽ സെക്രട്ടറിമാർക്കും ജോയിൻറ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറിയ്ക്കും.

പ്രതിപക്ഷ നേതാവിന്റെയും ചീഫ് വിപ്പിന്റെയും പ്രൈവററ് സെക്രട്ടറിമാർക്കും.

മുഖ്യമന്ത്രിയുടെയും മററു മന്ത്രിമാരുടേയും പ്രൈവററ് സെക്രട്ടറിമാർക്കും.

ഡയറക്ടർ പബ്ളിക് റിലേഷൻസ് ചീഫ് സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറിയ്ക്കും.

പുറപ്പെടുവിയ്ക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

## UGC : Placement and Fixation

The Commissioner & Secretary,
Higher Education,
Government of Kerala,
Thiruvananthapuram

Ref : Our letter dated 2-7-93

Sub : Disposing of complaints/anomalies regarding placement and fixation - request regarding

Sir,

Let me once again draw your attention to the following facts for your serious consideration and favourable orders.

A large number of petitions and complaints regarding the placement and fixation consequent to the implementation of UGC Scheme are still pending finalisation in the UGC Cell attached to the office of the Director of Collegiate Education. Besides the numerous anomalies in fixation, brought to the attention of the concerned authorities have not yet been rectified. This inordinate delay tantamounts to denial of the benifits of the UGC pay revision to the private college teachers.

We, therefore, request you to view this problem as most urgent and serious and issue instructions to all concerned to expeditiously dispose of all pending cases of placement, fixation and anomalies.

Thanking you,

Yours faithfully,

Thiruvananthapuram 30-6-1994

K. Sadasivan Nair
General Secretary

## Arrears of DA Crediting to PF - Extention

The Commissioner & Secretary,
Finance (PRU) Department,
Government of Kerala

(Through the Director of Collegiat Education.

Sud : Pay Revision arrears of DA crediting to PF Account - Extention of Time-Limit - Orders-request for

Ref: 1 GO(P)177/85/Fin dt. 23-3-85
2 GO(P)341/85/Fin dt. 17-6-85
3 GO(P)159/86/Fin dt. 15-2-86
4 GO(P)299/86/Fin 8-4-86
5 GO(P)444/86/Fin dt. 24-6-86
6 GO(P)937/86/Fin dt. 23-12-86
7 GO(P)604/87/Fin dt. 15-7-87
8 GO(P)323/88/Fin dt. 12-4-88
9 GO(P)656/88 Fin dt. 1-10-88
10 GO(P) 175/89/Fin dt. 22-3-89
11 GO(P) 376/89/Fin dt. 25-8-89
12 GO(P)480/89Fin dt. 1-11-89
13 GO(P)199/90Fin dt. 23/3/90
14 GO(P)421/90/Fin dt. 10-8-90
15 GO(P)265/91/Fin dt. 22-3-'91
16 GO(P)432/91/Fin dt. 24-7-'91
17 GO(P)364/92/Fin dt. 15-4-'92
18 GO(P)211/93/Fin dt. 15-3-'93
19 GO(P)645/93/Fin dt. 7-10-'93
20 GO(P)331/94/Fin. dt. 19-4-'94

Sir,

May I bring to your serious attention and for immediate disposal a very grave issue affecting a large number of private college teachers.

The placement of eligible teachers in the UGC scale and the pay fixation as per 1988 state revisionfor the remaining teachers were very much delayed. The teachers are not definitely responsible for this. Naturally the transfer of DA arrears to PF Account from 1-4-90 could not be effected within the stipulated time.

It is true that there have been several orders condoning the delay in crediting the arrears of DA sanctioned from 1987 onwards. But owing to various reasons, the work still remians incomplete. The net result is that the DA arrears of a very large number of private college teachers in the state is yet to be credited to the PF Account and we don't know how long the teachers will have to wait. We need not tell you that the teachers have no say either in preparing or passing the bills.

We, therefore request you to extend the time-limit for crediting the DA arrears into the PF accounts at least by ONE YEAR from now.

Thanking you,

Yours faithfully,
K. Sadasivan Nair
General Secretary

Thiruvauanthapuram
30-6-1994

## Ex emption from Passing NET

The Hon'ble Mininter for Education
Government of Kerala,
Thiruvananthapuram

Sir,

Sub: Exemption from passing NET request regarding

Ref: 1. GO No. 9322/B2/92 dt. 28-8-92
2. Our letter dt. 2-7-93

I would like to bring the following to your kind attention again for consideration and favourable orders.

As per the order cited above, the stipulation of 55% marks in Master's Degree exam is not to be insisted upon in the case of teachers appointed prior to 13-3-90 and reappointed after 13-3-90 But the order specifies that such teachers should pass the national level eligibility test (NET) within a period of one year. In this connection, it may be pointed out that therewas no such conditions at the time of appointment of these teachers and that they were fully qualified as per the regulation then in vogue Moreover, many of these teachers had already put in several years of service when the above G. O. was issued and their service was regularised after 13-3-90. We feel it is unjust to insist on all teachers of the above category passing the NET. The UGC regulation on this regard insists on the passing of the NET only from 19-9-91.

In view of the above, I request you to grant exemption from passing the NET to those teachers who were appointed before 13-3-90 and regularised after 13-3-90.

This may kindly be treated as urgent.

Thanking you.

Yours faithfully,
K. Sadasivan Nair
General Secretary

Thiruvananthapuram
30-6-1994



പ്രൊഫ. വി. നാരായണൻകുട്ടി സംസാരിക്കുന്നു.



സദസ്സ്

R. No. 36025/81

Registered No. KLTV (N) 35

Kerala Private College Teacher

26 7 94
DELY,
MANACAUD




സെക്രട്ടേറിയററ് നടയിൽ പ്രവർത്തക സമിതി അംഗങ്ങൾ നടത്തിയ ഉപവാസം പ്രതിപക്ഷനേതാവ് വി. എസ്. അച്ചുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു